# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4653

## (22.03.2018 ലെ മറുപടിക്ക്)

**<u>എകരൂൽ-കാപ്പിയിൽ-പൂവമ്പായ് റോഡിന് അനുമതി</u>**

<table>
<tr><th></th><th>ചോദ്യം</th><th>ഉത്തരം</th></tr>
<tr><td></td><td>ശ്രീ.പുരുഷൻ കടലുണ്ടി<br>(ബഹു. എം.എൽ.എ)</td><td>ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയാൽ ടെണ്ടർ നടപടിയ്ക്ക് മുൻപ് ധനകാര്യ വകുപ്പിന്റെ സ്പെഷ്യൽ സാങ്ഷൻ വാങ്ങേണ്ടതുണ്ടോ;</td><td rowspan="2">ബാലുശ്ശേരി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എകരൂൽ-കാപ്പിയിൽ-പൂവമ്പായി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനാണ് ഭരണ വകുപ്പ് ഫയൽ സമർപ്പിച്ചിരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് സർക്കാർ ഉത്തരവ് G.O.(Rt) No. 1850/2017/PWD പ്രകാരം 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവിൽ ശീർഷകം പരാമർശിച്ചിട്ടില്ലാത്തതിനാൽ ടി പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിന് അടുത്ത സാമ്പത്തിക വർഷത്തിൽ ഫയൽ പുനഃസമർപ്പിക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെട്ടത് തെറ്റായിട്ടാണ്. ഇത് പുനഃ പരിശോധിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>2017-18 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റിന്റെ ഇരുപത് ശതമാനം തുക അനുവദിച്ച എകരൂൽ-കാപ്പിയിൽ-പൂവമ്പായ് റോഡിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നറിയിക്കാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**